**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1723** **02-02-2024 - ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടി മണ്ഡലത്തിലെ നീർത്തട വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ നീർത്തട വികസനം സംബന്ധിച്ച നാല്പത്തിയൊൻപത് കോടി രൂപയുടെ പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (എ) | തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ നീർത്തട വികസനം സംബന്ധിച്ച പദ്ധതി തിരൂരങ്ങാടി മുനിസിപ്പാലിറ്റിയിലാണ് നടപ്പാക്കുന്നത്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളും ഉദ്യോഗസ്ഥരും കർഷകരും മുനിസിപ്പാലിറ്റിയിലെ എല്ലാ പ്രദേശത്തും നീർത്തട നടത്തം സംഘടിപ്പിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഏതൊക്കെ ഭാഗങ്ങളിൽ തോട് നവീകരണം, വി.സി.ബി, ചെക്ക് ഡാം എന്നിവ ആവശ്യമാണെന്ന് കണ്ടെത്തി. ആയതിന്റെ അടിസ്ഥാനത്തിൽ പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് മണ്ണ് സംരക്ഷണ വകുപ്പിനെ ചുമതലപ്പെടുത്തുകയും 17 കോടി രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കിയതായി നഗരസഭാ അധികൃതർ അറിയിച്ചതായി കൃഷി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാന സർക്കാരിന്റെ മുൻഗണന ക്രമത്തിൽ ഈ പദ്ധതി ഉൾപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ നീർത്തട വികസനം സംബന്ധിച്ച പദ്ധതി തിരൂരങ്ങാടി മുനിസിപ്പാലിറ്റിയിലാണ് നടപ്പാക്കുന്നത്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളും ഉദ്യോഗസ്ഥരും കർഷകരും മുനിസിപ്പാലിറ്റിയിലെ എല്ലാ പ്രദേശത്തും നീർത്തട നടത്തം സംഘടിപ്പിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഏതൊക്കെ ഭാഗങ്ങളിൽ തോട് നവീകരണം, വി.സി.ബി, ചെക്ക് ഡാം എന്നിവ ആവശ്യമാണെന്ന് കണ്ടെത്തി. ആയതിന്റെ അടിസ്ഥാനത്തിൽ പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് മണ്ണ് സംരക്ഷണ വകുപ്പിനെ ചുമതലപ്പെടുത്തുകയും 17 കോടി രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കിയതായി നഗരസഭാ അധികൃതർ അറിയിച്ചതായി കൃഷി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |
| (സി) | ഈ പദ്ധതിയുടെ പ്രൊപ്പോസൽ 2024ലെ ബജറ്റിലേക്ക് സമർപ്പിക്കുന്ന ലിസ്റ്റിൽ | (സി) | 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി *നിയോജക* |

| | | | |
|---|---|---|---|
| | ഉൾപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | | *മണ്ഡലാടിസ്ഥാനത്തിലുള്ള സൂക്ഷ്മ നീർത്തടാധിഷ്ഠിത വികസന പദ്ധതിയിൽ* ഉൾപ്പെടുത്തി തിരുരങ്ങാടി, കോന്നി നിയോജക മണ്ഡലങ്ങളിലെ ***നീർത്തട വികസന പദ്ധതിയിൽ ഒന്നാം ഘട്ടത്തിൽ 100 ലക്ഷം രൂപ വകയിരുത്താനുള്ള*** ശിപാർശ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ